# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 04/25 (226th ) Meeting of the Syndicate held on 21.05.2025 at 11.00 a.m at University Head Quarters, Kalady

## Members Present:

| | | |
|---|---|---|
| 1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. ശ്രീ. ആർ അജയൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. ഡോ. രാമൻകുട്ടി പി. വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. ഡോ. വി. ലിസ്സി മാത്യൂ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. ഡോ. മിനി ടി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. ഡോ. ശിവദാസൻ. പി , സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. ഡോ. ഓമന പി. വി, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |
| 12. ഡോ. ആർ. ശശിധരൻ | - | ഓൺലൈൻ |

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1
Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

കാശ്മീർ പഹൽഗാം ഭീകരാക്രമണത്തിലും ഇന്ത്യ-പാക്ക് സംഘർഷത്തിൽ കൊല്ലപ്പെട്ടവരുടേയും പ്രശസ്ത ചലചിത്രകാരൻ ശ്രീ ഷാജി എൻ. കരുൺ, സർവകലാശാലയിൽ നിന്നും ജോയിന്റ് രജിസ്ട്രാറായി വിരമിച്ച ശ്രീമതി സൗദാമിനി കെ.ജി, പ്രമുഖ ഭാഷാ പണ്ഡിതൻ ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, പ്രശസ്ത ഇന്ത്യൻ ന്യൂക്ലിയർ സയന്റിസ്റ്റ് എം. ആർ. ശ്രീനിവാസൻ തുടങ്ങിയവരുടെ നിര്യാണത്തിലും മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

29.03.2025 തീയതിയിലെ 225-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സംസ്കൃത വ്യാകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ കാലടി മുഖ്യകേന്ദ്രത്തിൽ വച്ച് പണ്ഡിതരാജൻ ശാസ്ത്രരത്നം കലക്കത്ത് ഗോവിന്ദൻ നമ്പ്യാർ എൻഡോവ്മെന്റ് സ്മാരക പ്രഭാഷണം 2025 ഏപ്രിൽ 03, 04 തീയതികളിലായി സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ഡോ. എസ്. എ. എസ് ശർമ്മ "ലിഖിതങ്ങൾ ചരിത്ര സാക്ഷ്യങ്ങൾ, കേരളത്തിന്റെ സംസ്കൃത വ്യാകരണ പാരമ്പര്യം " എന്ന വിഷയത്തിൽ സ്മാരക പ്രഭാഷണം നടത്തി.
2. സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സിൻഡിക്കേറ്റ് അംഗങ്ങൾ പ്രാദേശിക കേന്ദ്രങ്ങൾ സന്ദർശിച്ച് അവലോകനം നടത്തണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2025 ഏപ്രിൽ 9 ന് സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ. എസ്. അരുൺകുമാർ, ഡോ. എം. സത്യൻ, ഡോ. ആർ. അജയൻ, ഡോ. ബി. അശോക് , ഡോ. ടി. മിനി, ഡോ. ശിവദാസൻ പി, ഡോ. ഓമന പി.വി, ഡോ. മാത്യൂസ് ടി. തെള്ളി എന്നിവർ തിരുവനന്തപുരം പ്രാദേശിക കേന്ദ്രം സന്ദർശിക്കുകയും ക്യാമ്പസ് സമൂഹവുമായി ചർച്ച നടത്തുകയും ചെയ്തു. കൂടാതെ സർവകലാശാലയുടെ ആറ്റുകാലിലുള്ള സ്ഥലം സന്ദർശിക്കുകയും സ്ഥലവുമായി ബന്ധപ്പെട്ട് നടക്കുന്ന കേസുകളെക്കുറിച്ച് പഠിക്കുകയും തുടർനടപടി ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. സ്ഥലത്ത് സർവകലാശാലയുടെ ബോർഡ് സ്ഥാപിക്കുവാനും സ്ഥലത്തിലേക്കുള്ള വഴി പൊതുവഴിയായി ഉപയോഗിച്ചുവരുന്നത് തടയുന്നതിനായി ആ ഭാഗം ബ്ലോക്ക് ചെയ്യുവാനും തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിന് ചുമതല നൽകുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം പ്രാദേശികകേന്ദ്രം പ്രസ്തുത ചുതലകൾ നിറവേറ്റുകയും ചെയ്തു.

3. 2025 ഏപ്രിൽ മാസത്തിൽ നടന്ന ബിരുദാനന്തര ബിരുദ പരീക്ഷയുടെ ഫൈനൽ പരീക്ഷാഫലം 10 ദിവസംകൊണ്ട് പ്രഖ്യാപിച്ചു. കൂടാതെ ബിരുദ/എഫ്. വൈ. യു. ജി. പി പ്രോഗ്രാമുകളുടെ പരീക്ഷാഫലവും അതിവേഗത്തിൽ പ്രഖ്യാപിച്ചു. അതിനുവേണ്ടി പ്രയത്നിച്ച പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ്, അധ്യാപകർ, ജീവനക്കാർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

4. ശ്രീ ശങ്കരജയന്തിയുടെ ഒന്നാംഘട്ട ആഘോഷങ്ങൾ 2025 മെയ് 2 -ാം തീയതി കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു. വൈസ് ചാൻസലർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ "Sri Sankara and His Enduring Legacy Through The Works" എന്ന വിഷയത്തിൽ പ്രൊഫസർ കെ. വരലക്ഷ്മി (ഒസ്മാനിയ യൂണിവേഴ്സിറ്റി, ഹൈദരാബാദ്) വാർഷിക പ്രഭാഷണം നടത്തി.

5. ഐ.എസ്.എസ്.എസ് ന്റെ നേതൃത്വത്തിൽ ശങ്കരജയന്തിയുടെ ഭാഗമായി 2025 മെയ് 2 ന് ഓൺലൈനായി വാർഷിക പ്രഭാഷണം സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ " The Monistic Theism of Adi Sankara" എന്ന വിഷയത്തിൽ പ്രൊഫ. സ്റ്റീഫൻ എച്ച്. ഫിലിപ്സ് (യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ്, ഓസ്റ്റിൻ, യു.എസ്.എ) വാർഷിക പ്രഭാഷണം നടത്തി.

6. 2026 ലെ നാക് വിസിറ്റിന് മുന്നോടിയായി പൂർത്തീകരിക്കേണ്ടതായ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് 2025 മെയ് 14, 15 തീയതികളിലായി സർവകലാശാല മുഖ്യകേന്ദ്രത്തിൽ നടന്നു.

7. 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ സർവകലാശാല സേവനത്തിൽ നിന്നും വിരമിച്ച ഡോ. നിഷ വേണുഗോപാൽ (ഇംഗ്ലീഷ് വകുപ്പ്), ഡോ. ബെർളി കെ.പി (ഹിന്ദി വകുപ്പ്) ഡോ. പ്രിയ എസ് (മലയാളം വകുപ്പ്), ഡോ. കെ.ജി. കുമാരി (സംസ്കൃതം ന്യായം വകുപ്പ്) ഡോ. പി.വി നാരായണൻ (സംസ്കൃതം സാഹിത്യം വകുപ്പ്), ഡോ. ഗീതാദേവി ആർ. (മലയാളം വകുപ്പ്), ശ്രീ. എ.എ. ഗോപി (ഫിലോസഫി വകുപ്പ്) ഡോ. സി.എച്ച്. സത്യനാരായണ (സംസ്കൃതം വ്യാകരണം വകുപ്പ്), ഡോ. രാജി പി.വി. (സംസ്കൃതം സാഹിത്യം വകുപ്പ്), ഡോ. രമാദേവി അമ്മ (സംസ്കൃതം വേദാന്തം വകുപ്പ്), ഡോ. ശ്രീലത കെ. (ഹിന്ദി വകുപ്പ്), ഡോ. സുഷമ എൽ. (മലയാളം വകുപ്പ്), ശ്രീ ലൂക്കോസ് ജോർജ്ജ് (കായിക പഠന വകുപ്പ്) എന്നിവർക്ക് 2025 ഏപ്രിൽ 30 -ാം തീയതി സർവകലാശാല യാത്രയയപ്പ് നൽകി. അനധ്യാപക ജീവനക്കാരായ ശ്രീമതി സുമ ടി.സി, ശ്രീ. പി.പി.എം. മുസ്തഫ എന്നിവരും 2025 മാർച്ച് മാസം 31 ന് വിരമിച്ചു.

8. സർവകലാശാല യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം "ഒബോനേറ്റോ - 2025" കാലടി മുഖ്യകേന്ദ്രത്തിൽ 2025 ഏപ്രിൽ 28, 29, 30 തീയതികളിലായി സംഘടിപ്പിച്ചു. കാലടി മുഖ്യകേന്ദ്രം 327 പോയിന്റോടെ ഒന്നാം സ്ഥാനവും 95 പോയിന്റോടെ തിരൂർ പ്രാദേശിക കേന്ദ്രം രണ്ടാം സ്ഥാനവും പയ്യന്നൂർ പ്രാദേശിക കേന്ദ്രം 39 പോയിന്റോടെ മൂന്നാം സ്ഥാനവും നേടി.

9. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന എന്റെ കേരളം പരിപാടിയുടെ എറണാകുളം ജില്ലാ സപ്തദിന പ്രദർശന വിപണനമേള മറൈൻ ഡ്രൈവിൽ 2025 മെയ് 17 മുതൽ 23 വരെ നടക്കുകയാണ്. പ്രദർശന വിപണന മേളയിൽ സർവകലാശാലയുടെ സ്റ്റാളൊരുക്കുന്നതിനായി ഡോ. എം. സത്യൻ കോർഡിനേറ്ററായി ഒരു

കമ്മറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ മറൈൻ ഡ്രൈവിൽ പ്രത്യേക സ്റ്റാൾ ഒരുക്കി സജീവമായി പങ്കെടുക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനത്തെ സമൂഹത്തിന് മുമ്പിൽ എത്തിക്കുക എന്ന ദൗത്യമാണ് എന്റെ കേരളം പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. എന്റെ കേരളം പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സ്റ്റുഡന്റ് സമ്മിറ്റ് വിദ്യാർത്ഥികളുമായി മുഖ്യമന്ത്രി നടത്തുന്ന സംവാദം 2025 മെയ് 30 ന് കോട്ടയത്തു വെച്ച് നടക്കും. സർവകലാശാലയിലെ 5 വിദ്യാർത്ഥികൾ നോഡൽ ഓഫീസർ ഡോ. കെ.എൽ പത്മദാസിന്റെ നേതൃത്വത്തിൽ പരിപാടിയിൽ പങ്കെടുക്കും.

10. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും സെമിനാറുകളും വെബിനാറുകളും ശില്പശാലകളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No. 2**

Award of Ph.D Degree

a) Smt. Priyadarshini M S in Malayalam [No. EA/PhD/845/SSUS/2024]
b) Sri. Dinesan V R in Sanskrit Sahitya [No. EA/PhD/849/SSUS/2024]
c) Smt. Sudhalakshmi C in Sanskrit Sahitya [No. EA/PhD/855/SSUS/2024]
d) Sri. Vinoop C K in Sanskrit Vedanta [No. EA/PhD/850/SSUS/2024]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 13.05.2025, it is resolved to award Ph.D to the following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Priyadarshini M S | Faculty of Indian Languages | 21.03.2025 |
| b) | Sri. Dinesan V R | Faculty of Sanskrit Literature | 18.03.2025 |
| c) | Smt. Sudhalakshmi C | Faculty of Sanskrit Literature | 26.03.2025 |
| d) | Sri. Vinoop C K | Faculty of Indian Metaphysics | 21.04.2025 |

a) Smt. Priyadarshini M.S. Research Scholar in Malayalam under the Faculty of Indian Languages Ph.D. thesis titled, “അധിനിവേശം ആധുനികത, ശാസ്ത്രവിജ്ഞാനം, മലയാളത്തിലെ സസ്യജ്ഞാനം മുൻനിർത്തി ഒരന്വേഷണംunder the guidance of Dr. Dileepkumar K.V., Professor (Rtd.), Kaithrakovil Warriyam, Parayathu Padi, Kalady.

b) Sri. Dinesan V R Research Scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D thesis titled **“Keraliya Kalarange Gitagovindasya Prabhavah”**under the guidence of Dr. V.R. Muralidharan, Professor (Rtd), Sanskrit Sahitya.

c) Smt. Sudhalakshmi C, Research scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, **“Mallikāmāruta and Mṛcchakaṭika: A Comparative Study”** under the guidance of Dr. P.V. Rajee, Professor, Department of Sanskrit Sahitya, SSUS, Kalady.

d) Sri.Vinoop C.K Research scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, **“Prabodhacandrodaya: A Philosophical and Theatrical Analysis”**under the guidance of Dr.K.V.Suresh, Professor, Department of Sanskrit Vedanta, SSUS, Kalady.

**<u>Item No. 3</u>**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം (2019 അഡ്മിഷൻ) ബി എ സംസ്കൃതം ജനറൽ വിദ്യാർത്ഥി റിൻഷിദ എം കെ (19KO01SG34) – യ്ക്ക് പുഃനപ്രവേശനം അനുവദിക്കുന്നത് - സംബന്ധിച്ച്. (No. 00593/ACDB2/SSUS/2025(1))

13.05.2025 തീയതിയിലെ പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, കൊയിലാണ്ടി പ്രാദേശിക കേന്ദ്രം (2019 അഡ്മിഷൻ) ബി എ സംസ്കൃതം ജനറൽ വിദ്യാർത്ഥി റിൻഷിദ എം കെ യ്ക്ക് 6th സെമസ്റ്ററിൽ പുനഃപ്രവേശനം നൽകാനും, നിലവിലുള്ള നിശ്ചിത ഫീസിന്റെ കൂടെ 2000/- രൂപ അധികമായി വാങ്ങുവാനും, പരീക്ഷ ഫീസിനോടൊപ്പം മേഴ്സി ചാൻസിന്റെ തുകയായ 5000/- രൂപ കൂടി വാങ്ങിക്കുവാനും തീരുമാനിച്ചു.

**<u>Item No. 4</u>**

ഗവേഷണം പാർട്ട് ടൈമാക്കി മാറ്റുന്നത് സംബന്ധിച്ച്. (No.00720/ACDA2/SSUS/2025(1)

28.04.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റി ശിപാർശ പരിഗണിച്ച്, റഗുലേഷൻ പ്രകാരമുള്ള കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഈ വിഷയം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 5**

ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 നടപ്പിലാക്കുന്നതിന്റെ ഭാഗമായി, UGC നിർദേശങ്ങൾക്കനുസൃതമായി സർവകലാശാലയിൽ NEP SAARTHI നടപ്പിലാക്കുന്നത് - സംബന്ധിച്ച്. (No. 03345/IQAC2/SSUS/2024(1))

വിശദമായ പഠനത്തിന് മാറ്റിവെക്കാൻ തീരുമാനിച്ചു.

**Item No. 6**

*Basic Course on Vastuvidhya- ഓൺലൈൻ കോഴ്സിന്റെ സിലബസ് വിശദമായി പരിശോധിക്കുന്നത്-സംബന്ധിച്ച്. (No. 03321/ACDB1/SSUS/2024 (1))

28.04.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റി ശിപാർശ പരിഗണിച്ച്, Basic Course on Vastuvidhya- ഓൺലൈൻ കോഴ്സിന്റെ സിലബസ് സൂക്ഷ്മ പരിശോധനക്കായി ഡോ. ബി അശോക്, ഡോ. പി വി രാമൻകുട്ടി എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**Item No. 7**

*സർവകലാശാലയിൽ Centre for Skill Development Courses and Career Planning (CSDCCP) ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 01059/ACDB1/SSUS/2025(1))

ഗവൺമെന്റ് ഉത്തരവിന്റേയും KSHEC മാർഗ്ഗനിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ സർവകലാശാലയിൽ Centre for Skill Development Courses and Career Planning (CSDCCP) ആരംഭിക്കാൻ തീരുമാനിച്ചു. ഡയറക്ടറായി ഡോ. ദിനു എം ആർ-നെ ചുമതലപ്പെടുത്തുവാനും മറ്റ് അംഗങ്ങളെ വൈസ്ചാൻസലർ നോമിനേറ്റ് ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു.

**Item No. 8**

പ്രബന്ധ സമർപ്പണത്തിനു മുന്നോടിയായി സമർപ്പിക്കേണ്ട No Dues Certificate നൽകുന്നത് - സംബന്ധിച്ച്. (No. 00938/ACDA3/SSUS/2025(1))

28.04.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, റെഗുലേഷൻ പ്രകാരം നിലവിലെ സ്ഥിതി തുടരുവാൻ തീരുമാനിച്ചു.

**Item No. 9**

05.02.2025 ലെ 223-ാമത് സിൻഡിക്കേറ്റ് തീരുമാനം ഐറ്റം നമ്പർ 19 പ്രകാരം 2012 റഗുലേഷൻ ബാധകമായ 01.12.2014 മുതൽ 30.11.2015 വരെ രജിസ്റ്റർ ചെയ്ത ഗവേഷകരുടെ പ്രബന്ധം,

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഫീസ് ഈടാക്കി പ്രബന്ധ സമർപ്പണത്തിന് അനുമതി നൽകിയ തീരുമാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ഫീസും പ്രബന്ധം സമർപ്പിക്കുന്നതിനായി ഒരു cut off date ഉം നിശ്ചയിക്കുന്നത് സംബന്ധിച്ച്.- (No. 04051/ ACDA3/ SSUS/2024(1)).

28.04.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടേയും, 20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച്, പ്രബന്ധ സമർപ്പണത്തിനായി ജൂൺ 30 വരെ സമയം അനുവദിക്കുന്നതിനും ഫീസായി 25,000/- രൂപ ഈടാക്കുന്നതിനും, അതിനുശേഷം സമയം വേണ്ടവർക്ക് ജൂലൈ 1 മുതൽ 31 വരെ സമയം അനുവദിക്കുന്നതിനും, ഫീസായി 40,000/- രൂപ ഈടാക്കുന്നതിനും തീരുമാനിച്ചു.

**Item No. 10**

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല നടത്തിയ 2019 ലെ പി.എച്ച്.ഡി പ്രവേശനം സംബന്ധിച്ച പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയത് പ്രകാരം സിൻഡിക്കേറ്റിന്റെ ലീഗൽ സ്റ്റാൻഡിംഗ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല നടത്തിയ 2019 ലെ പി.എച്ച്.ഡി പ്രവേശനം സംബന്ധിച്ച പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയത് പ്രകാരം സിൻഡിക്കേറ്റിന്റെ ലീഗൽ സ്റ്റാൻഡിംഗ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകാൻ തീരുമാനിച്ചു.

**Item No. 11**

വിവർത്തന പഠന കേന്ദ്രം കോ-ഓഡിനേറ്റർ സമർപ്പിച്ച Certificate Course Professional Translation എന്ന കോഴ്സിന്റെ പ്രൊപോസൽ സംബന്ധിച്ച്. (No. 04232/ ACDB1/ SSUS/ 2024(1))

28.04.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാല പുറപ്പെടുവിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെ റഗുലേഷൻ പ്രകാരം പ്രസ്തുത കോഴ്സ് നടത്തുന്നതിന് വിവർത്തന പഠന കേന്ദ്രം കോ-ഓഡിനേറ്റർക്ക് നിർദ്ദേശം നല്കുവാൻ തീരുമാനിച്ചു.

**Item No. 12**

18.02.2024 തീയതിയിലെ 222 (09/24) മത് സിൻഡിക്കേറ്റ് അഡിഷണൽ അജൻഡ ഐറ്റം നമ്പർ 5- 2025 ഡിസംബറിനുള്ളിൽ പ്രബന്ധം സമർപ്പിക്കാത്ത 2018 നോട്ടിഫിക്കേഷൻ പ്രകാരം പ്രവേശനം നേടിയ ഗവേഷകരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള തീരുമാനം-പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്. (No. 04296/ACDA3/SSUS/2024(1))

28.04.2025 തീയതിയിലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അവസരം നൽകുവാനും, ഫീസ് 25,000/- രൂപ ഈടാക്കാനും തീരുമാനിച്ചു.

**Item No. 13**

2025 PG അഡ്മിഷൻ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകൾ രണ്ടാം സെമസ്റ്റർ മുതൽ ഓഫർ ചെയ്യുന്ന add on course കൾ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01148/ ACDB1/ SSUS/ 2025(1))

പിജി ഡിപ്ലോമ ഇൻ മാനസ്ക്രിപ്റ്റോളജി എന്ന പ്രോഗ്രാം add on course അല്ലാത്തതിനാൽ അവ പ്രത്യേകം പരിഗണിച്ച് ഭരണാനുമതി നൽകാൻ തീരുമാനിച്ചു. Add on course-കൾ ഏതൊക്കെയാണെന്ന് തീരുമാനിക്കുന്നതിന് സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആന്റ് കരിയർ പ്ലാനിംഗ് (CSDCCP) ന്റെ പരിഗണനക്ക് വെക്കാൻ തീരുമാനിച്ചു.

**Item No. 14**

സർവകലാശാലയിൽ ITEP പ്രോഗ്രാം ആരംഭിക്കുന്നതിന്റെ ഭാഗമായി Centre for Pedagogical Studies ആരംഭിക്കുന്നത് - സംബന്ധിച്ച് (NO. 03547/ACDB1/SSUS/2023(1).

സർവകലാശാലയിൽ ITEP പ്രോഗ്രാം ആരംഭിക്കുന്നതിന്റെ ഭാഗമായി Centre for Pedagogical Studies മായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു-

1. എഡ്യൂക്കേഷൻ വകുപ്പിന്റെ BoS സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കാൻ തീരുമാനിച്ചു.
2. Centre for Pedagogical Studies അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി സ്ഥാപിക്കാൻ തീരുമാനിച്ചു.
3. ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി Bos network രൂപീകരിക്കാൻ തീരുമാനിച്ചു.

**Item No. 15**

നിലവിലെ സെമസ്റ്റർ ബ്രേക്ക് സംബന്ധിച്ച നിയമപരമായ പരിശോധനയ്ക്ക് - (No. 03803/ SOACDC/ SSUS /2023(1))

സെമസ്റ്റർ ബ്രേക്ക് സംബന്ധിച്ച് നിലവിലെ സ്ഥിതി തുടരുവാനും 2025-2026 അധ്യായന വർഷത്തിലെ അക്കാദമിക് കലണ്ടറിൽ പൊതു അക്കാദമിക് കലണ്ടറുമായി യോജിച്ച് പോകുന്ന രീതിയിൽ ക്രമീകരിക്കാനും തീരുമാനിച്ചു.

**Item No. 16**

ഫൈൻ ആർട്സ് വകുപ്പുകൾക്ക് പ്രത്യേകമായ ഫാക്കൽറ്റി (Faculty of Visual and Performing Arts) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരട് ഓർഡിനൻസ് സ്റ്റാഫ് & ലീഗൽ സമിതിയുടെ പരിശോധനയ്ക്കും തുടർന്ന് സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനുമായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No.01045/ACDB1 SSUS/ 2024(1))

ഫൈൻ ആർട്സ് വകുപ്പുകൾക്ക് പ്രത്യേകമായ ഫാക്കൽറ്റി (Faculty of Visual and Performing Arts) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരട് ഓർഡിനൻസ് അംഗീകരിക്കാനും, ഫാക്കൽറ്റി ഓഫ് വിഷ്വൽ ആന്റ് പെർഫോമിംഗ് ആർട്സ് രൂപീകരിക്കാനും തീരുമാനിച്ചു. കൂടാതെ ബി എഫ് എ പ്രോഗ്രാം സ്പെഷ്യലൈസേഷൻ സംബന്ധിച്ച് വിശദമായി പഠനം നടത്തുവാനും, AICTE അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.

**Item No. 17**

കാലടി മുഖ്യകേന്ദ്രം ഹിന്ദി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അച്യുത് നന്ദ മിശ്ര -യുടെ ഇന്ദ്രപ്രസ്ഥ കോളേജ് ഫോർ വുമൺ, ന്യൂഡൽഹിയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിച്ചുള്ള അഡ്ഹോക് സേവന കാലയളവ് 2018 യുജിസി റെഗുലേഷൻ പ്രകാരം പ്ലെയിസ്മെന്റ് അനുവദിക്കുന്നത് സംബന്ധിച്ച്. (നം. എഡി.എ 3/4234/എസ് എസ് യു എസ്/2023)

കാലടി മുഖ്യകേന്ദ്രം ഹിന്ദി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അച്യുത് നന്ദ മിശ്ര -യുടെ ഇന്ദ്രപ്രസ്ഥ കോളേജ് ഫോർ വുമൺ, ന്യൂഡൽഹിയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അഡ്ഹോക് സേവന കാലയളവ് പ്ലെയിസ്മെന്റിന് പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 18**

ശ്രീ. ആരിഫ് ഖാൻ പി.വൈ - യെ ഗസ്റ്റ് ലെക്ച്ചറർ ആക്കി നിയമിക്കണമെന്ന ആവശ്യം സംബന്ധിച്ച്. (No. 01832/ADA2/SSUS/2024)

ശ്രീ. ആരിഫ് ഖാൻ പി.വൈ - യെ ഗസ്റ്റ് ലെക്ച്ചറർ ആക്കി നിയമിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 19**

12.03.2024 ന് ചേർന്ന 215-ാമത് സിൻഡിക്കേറ്റ് യോഗത്തിലെ അഡീഷണൽ അജൻഡ ഇനം നമ്പർ 8 തീരുമാനം നടപ്പിൽ വരുത്തുന്നതിൽ കാലതാമസം നേരിട്ടു എന്ന വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട അന്വേഷണ സമിതിയുടെ റിപ്പോർട്ട്.

12.03.2024 ന് ചേർന്ന 215-ാമത് സിൻഡിക്കേറ്റ് യോഗത്തിലെ അഡീഷണൽ അജൻഡ ഇനം നമ്പർ 8 തീരുമാനം നടപ്പിൽ വരുത്തുന്നതിൽ കാലതാമസം നേരിട്ടു എന്ന വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട അന്വേഷണ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, ശിപാർശകൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

## Item No. 20

പാർട്ട് ടൈം സ്വീപ്പർ ശ്രീമതി. ജയ കെ-യുടെ ശൂന്യവേതനാവധി അനുവദിക്കണമെന്നുള്ള അപേക്ഷ സംബന്ധിച്ച്. (No. 00254/ADB3/SSUS/2025(1)

പാർട്ട് ടൈം സ്വീപ്പർ ശ്രീമതി. ജയ കെ-യ്ക്ക് ശൂന്യവേതനാവധി അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

## Item No. 21

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച കത്ത് -ഫിലോസഫി ഡിപ്പാർട്ട്മെന്റ് നിലവിലുള്ള 11 അംഗീകൃത തസ്തികകളിൽപ്പെടുത്തി ഡോ. ആർ ഷർമിള യുടെ നിയമനം സ്ഥിര നിയമനമായി അംഗീകരിച്ച് പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് നടപ്പാക്കുവാൻ ചുമതലപ്പെടുത്തിയത് സംബന്ധിച്ച്. (No. 7889/AdA3/2011/SSUS(SF))

ഫിലോസഫി ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള 11 അംഗീകൃത തസ്തികകളിൽപ്പെടുത്തി ഡോ. ആർ ഷർമിളയുടെ നിയമനം സ്ഥിര നിയമനമായി 22.08.2019-ലെ സർവകലാശാല ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. 09.01.2025-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ശമ്പളം നൽകുവാനും, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന WP(c) 1557/2021 റിട്ട് ഹർജിയിലെ അന്തിമ തീർപ്പിന് ശേഷം മറ്റ് ആനുകൂല്യങ്ങൾ നൽകുവാനും തീരുമാനിച്ചു.

## Item No. 22

അസിസ്റ്റന്റ്, ശ്രീമതി. ജെസ്‌ലി ജേക്കബ് ന് അനുവദിച്ച കെ.എസ്.ആർ, പാർട്ട് 1, appendix XII A പ്രകാരം അനുവദിക്കപ്പെട്ട 5 വർഷത്തെ ശൂന്യ വേതന അവധി റദ്ദ് ചെയ്തുകൊണ്ട് 19.05.2025 തീയതിയിൽ സേവനത്തിൽ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച്. (No. 00676/ ADB1/ SSUS/ 2025(1))

ശൂന്യവേതനാവധി സർക്കാർ നിയമങ്ങൾക്ക് വിധേയമായി മാത്രം അനുവദിക്കാവൂ എന്ന് തീരുമാനിച്ചു.

**Item No. 23**

സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട നിരീക്ഷണകാലം-സംബന്ധിച്ച്(No.01033/ADB2/ SSUS/ 2025)

കൂടുതൽ വിശദാംശങ്ങൾക്കായി ലീഗൽ കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.

**Item No. 24**

പി എച്ച് ഡി ഫീ ഘടന – ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. (No. 02442 /ACDC2 /SSUS/ 2023(1))

അക്കാദമിക് & റിസർച്ച് കമ്മിറ്റി, ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റികൾക്ക് വിടാൻ തീരുമാനിച്ചു.

**Item No. 25**

ഗവേഷണ പ്രബന്ധങ്ങൾ Shodhganga platform ൽ upload ചെയ്യുന്നത് സംബന്ധിച്ച്. (No. SSUS/ LIB/ 8818/Shodhganga/2023)

ഗവേഷണ പ്രബന്ധങ്ങൾ Shodhganga platform ൽ upload ചെയ്യുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടത് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 26**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിനടുത്തുള്ള കോട്ടക്കുന്നിലെ ഭൂമിക്ക് കമ്പിവേലി കെട്ടുന്നതിനുള്ള തുടർ നടപടികൾ സർവകലാശാല സ്വീകരിക്കണമെന്ന കാമ്പസ് ഡയറക്ടർ അപേക്ഷ പരിഗണിക്കണോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. 03147/ENGG3/SSUS/2024)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിനടുത്തുള്ള കോട്ടക്കുന്നിലെ ഭൂമിക്ക് കമ്പിവേലി കെട്ടുന്നതിനുള്ള തുടർ നടപടികൾ സർവകലാശാല സ്വീകരിക്കണമെന്ന കാമ്പസ് ഡയറക്ടറുടെ അപേക്ഷ പരിഗണിക്കണോ എന്ന് തീരുമാനിക്കുന്നതിന് വർക്ക്സ് കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 27**

സെന്റർ ഫോർ ഡിസാസ്റ്റർ സ്റ്റഡീസ് സെന്ററിൽ "Global warming & Local Ecosystem" എന്ന വിഷയത്തിൽ സെമിനാർ നടത്തുന്നത് സംബന്ധിച്ച്- (No. 00560/ACDC1/SSUS/2025(2))

റിപ്പോർട്ട് അംഗീകരിച്ചു.

**Item No. 28**

2024-2025 ധനകാര്യ വർഷത്തിലെ നാലാം പാദം (01.01.2025 – 31.03.2025)- ഭവിഷ്യനിധി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നടപ്പിലാക്കുന്നത് -സംബന്ധിച്ച്. (No.02867 /BILLA3 /SSUS /2023 (1))

2024-2025 ധനകാര്യ വർഷത്തിലെ നാലാം പാദം (01.01.2025 – 31.03.2025)- ഭവിഷ്യനിധി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നടപ്പിലാക്കിയത് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 29**

BFA വിദ്യാർത്ഥികൾക്ക് പെയിന്റിങ് (ഹിസ്റ്ററി ഓഫ് ആർട്സ് ആൻഡ് എസ്തെറ്റിക്സ്) വിഷയത്തിന് സ്ഥിര അദ്ധ്യാപകരെ നിയമിക്കൽ- SFI സമർപ്പിച്ച നിവേദനം- സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിന്മേലുള്ള തീരുമാനം റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്. (No. 02972/ADA1/SSUS/2023 (1)

അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 30**

പി. ജി റഗുലേഷൻ- സീറോ സെമസ്റ്റർ, റീ അപ്പിയറൻസ്, റീ അഡ്മിഷൻ വ്യവസ്ഥകൾ പരിഷ്കരിക്കുന്നത്- സംബന്ധിച്ച്- (No. 01466/ACDC2/SSUS/2024(1))

ഭേദഗതികൾ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 31**

2017 നവംബർ മാസത്തിലെ ബി എ/ ബി എഫ് എ പരീക്ഷകളുടെ മൂല്യ നിർണ്ണയ ക്യാമ്പിന്റെ നടത്തിപ്പിനായി സെക്ഷൻ ഓഫീസർ ശ്രീ ജ്യോതിഷ് പി എം ന് അനുവദിച്ച മുൻകൂർ തുക ക്രമീകരിക്കുന്നത് സംബന്ധിച്ച്. (No. 11600/ബിൽ ബി 3 Pending Advance/SSUS/2022)

2017 നവംബർ മാസത്തിലെ ബി എ/ ബി എഫ് എ പരീക്ഷകളുടെ മൂല്യ നിർണ്ണയ ക്യാമ്പിന്റെ നടത്തിപ്പിനായി സെക്ഷൻ ഓഫീസർ ശ്രീ ജ്യോതിഷ് പി എം ന് അനുവദിച്ച മുൻകൂർ തുക ക്രമീകരിക്കാൻ തീരുമാനിച്ചു.

**Item No. 32**

SSUS സെന്റർ ഫോർ ഓൺലൈൻ ലേർണിംഗ് മുഖേന നടത്തുന്ന Basic Sanskrit Course in Malayalam – എന്ന ഓൺലൈൻ കോഴ്സിന്റെ ഫീസ് 2500 ആയി വർധിപ്പിച്ചത് - സാധൂകരണം- സംബന്ധിച്ച്. (No. 01258/IQAC1/SSUS/2024 (1)).

SSUS സെന്റർ ഫോർ ഓൺലൈൻ ലേർണിംഗ് മുഖേന നടത്തുന്ന Basic Sanskrit Course in Malayalam എന്ന ഓൺലൈൻ കോഴ്സിന്റെ ഫീസ് 2500 ആയി വർധിപ്പിച്ചത് സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 33

ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള (ആക്സസ്സ് സ്കോളർഷിപ്പ്) സ്കോളർഷിപ്പിനുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച്. (No. 03366/ACDC2/SSUS/2024(2))

ആക്സസ്സ് സ്കോളർഷിപ്പിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശ സ്കോളർഷിപ്പ് മാർഗനിർദേശങ്ങളിൽ ചേർക്കുന്നത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 34

2014, 2015, 2016, 2017 (ആദ്യ ബാച്ച്) നോട്ടിഫിക്കേഷൻ പ്രകാരം പ്രവേശനം നേടിയ ഗവേഷകർക്ക് ഫീസ് ഘടന പ്രകാരമുള്ള ഫീസടച്ച് കാലയളവ് ക്രമീകരിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് (No. 00451/ACDA2/SSUS/2025(1)).

റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 35

01.12.2015 ന മുൻപ് രജിസ്റ്റർ ചെയ്ത നാളിതുവരെ പ്രബന്ധം സമർപ്പിക്കാത്ത ഗവേഷകരുടെ പ്രബന്ധ സമർപ്പണത്തിൽ തീർപ്പ് കല്പിക്കുന്നതുമായി ബന്ധപ്പെട്ട സർവകലാശാല ആസ്ഥാനത്ത് വച്ച് നടന്ന അദാലത്തിൽ പങ്കെടുക്കാത്ത ഹിസ്റ്ററി ഗവേഷണ പഠന വകുപ്പിലെ ഇന്റഗ്രേറ്റഡ് എം ഫിൽ പി എച്ച് ഡി 01.12.2012 രജിസ്ട്രേഷൻ ഫുൾ ടൈം ഗവേഷകയായ Soudath M ന്റെ പ്രബന്ധ സമർപ്പണത്തിൽ തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച്.

അദാലത്ത് പ്രകാരമുള്ള ഫീസ് ഈടാക്കി അനുമതി നൽകുവാൻ തീരുമാനിച്ചു.

## Item No. 36

സർവകലാശാലയിലെ വിവിധ തസ്തികകളിലേക്കുള്ള ഇന്റർവ്യൂകൾക്കായി രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയിലെ വിഷയ വിദഗ്ദർക്ക്/പുറത്തു നിന്നുള്ള അംഗങ്ങൾക്ക് ഓണറേറിയം നല്കുന്നത്-സംബന്ധിച്ച്. (No. 00347/ADD1/SSUS/2025(1))

സർവകലാശാലയിലെ വിവിധ തസ്തികകളിലേക്കുള്ള ഇന്റർവ്യൂകൾക്കായി രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയിലെ വിഷയ വിദഗ്ദർക്ക്/പുറത്തു നിന്നുള്ള അംഗങ്ങൾക്ക് 3000/- രൂപ ഓണറേറിയം അനുവദിക്കുവാൻ തീരുമാനിച്ചു. കൂടാതെ സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിംഗ് ഫീ 2000/- രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചു.

## Item No. 37

നാലുവർഷ ബിരുദ പ്രോഗ്രാം (FYUGP) - അപ്പീൽ കമ്മിറ്റിയിൽ അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 02212/EXAMD2/SSUS/2024(1)

അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 38

12.11.2024 ലെ സർവകലാശാല FYUGP ഡയറക്ടറേറ്റ് യോഗ തീരുമാനങ്ങൾ- സംബന്ധിച്ച്. (No. 03459/ACDB1/SSUS/2024(3))

അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 39

കായിക വിഭാഗം - All India Best Physique competition 2025 മാർച്ച് 7 മുതൽ 9 വരെ സർവകലാശാല മുഖ്യ കേന്ദ്രത്തിൽ വച്ച് നടന്നത് അംഗീകാരത്തിനും സാധൂകരണത്തിനും സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00003/SSC2/SSUS/2025(1)).

അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 40

സർവകലാശാല സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ശ്രീകാന്തന് DCRG അനുവദിക്കുന്നത് സംബന്ധിച്ച്. (No. 02494/LEG1/SSUS/2024(1)).

അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിച്ചു.

## Item No. 41

ദേശീയ സെമിനാറിന്റെ ശീർഷകത്തിൽ വരുത്തിയ ഭേദഗതി - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. 00969/ACDC1/SSUS/2025(1)).

അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 42

2025 മാർച്ച് 26 മുതൽ 28 വരെ Comparative Philosophy : Indian and Western knowledge system എന്ന വിഷയത്തിൽ ദേശീയ സെമിനാർ – അനുമതി നൽകുന്നത് സംബന്ധിച്ച്. (No. 00666/ACDC1/SSUS/2025(1)).

അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 43

ഡൽഹിയിലുള്ള അറ്റ്ലാന്റിക് പബ്ലിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഡൽഹിയിലെ തീസ് ഹസാരി കോടതിയിൽ സർവകലാശാലക്കെതിരെ ഫയൽ ചെയ്ത സിവിൽ കേസിൽ സർവകലാശാലക്ക് വേണ്ടി ഹാജരാകുന്നതിന് ചുമതലപ്പെടുത്തിയ അഡ്വ. കീത്ത് വർ ഗീസിന് പരമാവധി നൽകാവുന്ന ഫീസ് നിജപ്പെടുത്താത്തത് സംബന്ധിച്ച്. (നം. എൽ ജി എൽ എസ്/3119/എസ് എസ് യു എസ് /2023)

വസ്തുതകൾ പരിശോധിക്കുന്നതിനായി സിൻഡിക്കേറ്റംഗങ്ങളായ ആർ അജയൻ (കൺവീനർ), ഡോ. മിനി ടി, ഡോ. ലിസ്സിമാത്യു, ഡോ. എം സത്യൻ എന്നിവരടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 44

01.04.2025 പ്രാബല്യത്തിൽ ക്ഷാമ ബത്തയും ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പാക്കുന്നത് സംബന്ധിച്ച്.- (No. 03683/BILLA2/SSUS/2024(1))

അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 45

സർവകലാശാല യൂണിയൻ കലോത്സവത്തിന്റെ നിലവിലെ ബൈലോ (2015) ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (00769/SSC2/SSUS/2025(1)).

അഡീഷണൽ അജൻഡ ഇനം 8 കാണുക.

## Item No. 46

റീ അപ്പിയറൻസ് പരീക്ഷാ എഴുതാൻ അനുവദിച്ചത് - സംബന്ധിച്ച്. (No. 01065 /ACDB3 /SSUS /2025 (1))

സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 47

സർവകലാശാല സേവനങ്ങളുടെ സമയപരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച്. (No. 03201/ADC3/SSUS/2024(1))

സ്റ്റാഫ് & ലീഗൽ കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.

## Item No. 48

2020 പ്രവേശനം ബി. എഫ്. എ വിദ്യാർത്ഥിയായ അഫിൻ അനുസിംഗ് (20KA02PA47), 2021 പ്രവേശനം ബി. എഫ്. എ വിദ്യാർത്ഥിനിയായ ഏഞ്ചൽ മരിയ മാർട്ടിൻ (21KA02PA51) എന്നിവർ റെഗുലേഷൻ പ്രകാരമല്ലാത്ത കോഴ്സ് കോഡ്/കോഴ്സ് ടൈറ്റിൽ ഉള്ള കോഴ്സ് പരീക്ഷ എഴുതിയതിന്റെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുന്നത് - സംബന്ധിച്ച് (No. എക്സാം സി/7022/എസ് എസ് യു എസ്/ബി എഫ് എ/2023)

പരീക്ഷാ കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.

**Item No. 49**

റീ അപ്പിയറൻസ് പരീക്ഷാ എഴുതാൻ അനുവദിക്കുന്നത്- സംബന്ധിച്ച് (No. 01411/ ACDB3/ SSUS/ 2025 (1))

അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 50**

ഉറുദു വകുപ്പിലെ പ്രൊഫസർ കെ സി അത്താവുള്ള ഖാന്റെ ഗവേഷക ഗൈഡ്ഷിപ്പ് പുനഃസ്ഥാപിച്ച ബഹു. വൈസ് ചാൻസലറുടെ തീരുമാനം സിൻഡിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. 00655/ACDA3/SSUS/2025(2))

അഡീഷണൽ അജണ്ട ഇനം നമ്പർ 23 കാണുക.

**Item No. 51**

2025-26 ധനകാര്യ വർഷത്തിലെ ഒന്നാം പാദം (01.04.2025) ഭവിഷ്യനിധി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നടപ്പിലാക്കുന്നത് സംബന്ധിച്ച്. (No. 02867/ BILLA3/ SSUS/2023(1)

സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 52**

നാല് വർഷ ബി എ- ബി എഡ് പ്രോഗ്രാമിന്റെ ഫീസ് ഘടന അംഗീകരിച്ചത് സാധൂകരണം സംബന്ധിച്ച്. (No. 01154/ACDC2/SSUS/2025 (1))

നാല് വർഷ ബി എ- ബി എഡ് പ്രോഗ്രാമിന്റെ ഫീസ് ഘടന അംഗീകരിച്ചത് സാധൂകരിക്കാൻ തീരുമാനിച്ചു.

# ADDITIONAL AGENDA

**Item No. 1**

2025-2026 അദ്ധ്യയന വർഷം ജ്യോഗ്രഫി, സൈക്കോളജി, സോഷ്യോളജി വകുപ്പുകളിൽ FYUGP പ്രോഗ്രാമുകൾ ആരംഭിക്കുന്നത്-സംബന്ധിച്ച്. (No. 00417 /ACDB1 /SSUS/ 2025(1))

14.05.2025 തീയതിയിലെ പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച്, കാലടി ക്യാമ്പസിലെ സൗകര്യങ്ങൾ അപര്യാപ്തമായതിനാലും, പ്രാദേശിക ക്യാമ്പസുകൾ

ശക്തിപ്പെടുത്തേണ്ടതിനാലും പ്രൊപ്പോസ് ചെയ്യപ്പെട്ട സോഷ്യൽ സയൻസിലെ 4 വർഷ ബിരുദ പ്രോഗ്രാമുകൾ പ്രാദേശിക കേന്ദ്രങ്ങളായ തിരുവനന്തപുരം - ബി എ സോഷ്യോളജി, പന്മന – ബി എ ജ്യോഗ്രഫി, പയ്യന്നൂർ – ബി എ സൈക്കോളജി എന്നിങ്ങനെ തുടങ്ങുവാൻ തീരുമാനിച്ചു.

**Item No. 2**

a. രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ഗൈഡ്‌ലൈൻസും തുടർപ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നത് സംബന്ധിച്ച്. (No. 02939/ PLD1/ SSUS/ 2024(1))

b. രൂപകല്പന ടെക്നോളജി ബിസിനസ് ഇൻകുബേറ്ററിന്റെ ഗവേണിംഗ് കൗൺസിലിലേക്കുള്ള അംഗങ്ങളെ നാമനിർദേശം ചെയ്യുന്നത് സംബന്ധിച്ച്. (No. 02939/ PLD1/SSUS/2024(1))

14.05.2025 തീയതിയിലെ പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ഗൈഡ്‌ലൈൻസ് പ്രകാരമുള്ള ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുന്നതിന് ഒരു പാനൽ തയ്യാറാക്കി സമർപ്പിക്കുവാൻ ശ്രീ. ആർ അജയൻ, ഡോ എം സത്യൻ എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**Item No. 3**

Kerala Institute for Gender Equity (KIGE) എന്ന മികവിന്റെ കേന്ദ്രം സർവകലാശാലയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച്. (No.03042/ PLD1/ SSUS/ 2024(1))

14.05.2025 തീയതിയിലെ പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയ്ക്ക് അനുവദിച്ച Kerala Institute for Gender Equity (KIGE) എന്ന മികവിന്റെ കേന്ദ്രത്തിന്റെ ഉദ്ഘാടനം ജൂൺ 20 ന് നടത്തുവാനും, സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു ഉപദേശക സമിതി രൂപീകരിക്കുവാനും തീരുമാനിച്ചു.

| | |
|---|---|
| പ്ലാനിംഗ് & ഡവലപ്മെന്റ് സ്ഥിരം സമിതി കൺവീനർ | – ചെയർപേഴ്സൺ |
| KIGE ഡയറക്ടർ | - കൺവീനർ |
| സോഷ്യോളജി, സോഷ്യൽവർക്ക്, സൈക്കോളജി എന്നീ ഡിപ്പാർട്ട്മെന്റുകളിലെ മൂന്ന് അധ്യാപകർ | - അംഗങ്ങൾ |

**Item No. 4**

KSHEC യുമായി സഹകരിച്ച് സർവകലാശാലയുടെ വികസനം സംബന്ധിച്ച ശില്പശാല സംഘടിപ്പിക്കുന്നത് സംബന്ധിച്ച്. (No. 01754/PLD1/SSUS/2025(1))

14.05.2025 തീയതിയിലെ പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാന സർക്കാർ മുന്നോട്ട് വെക്കുന്ന കേരള മോഡലിന്റെ വികസന കാഴ്ചപ്പാടുകളും വൈവിധ്യവൽക്കരണങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ഡെവലപ്മെന്റ് ഡോക്യു മെന്റ് സംസ്കൃത സർവകലാശാലയ്ക്ക് രൂപപ്പെടുത്തുന്നതിനായി KSHEC യുമായി സഹകരിച്ച് സർവകലാശാലയുടെ വികസനം സംബന്ധിച്ച ശില്പശാല ജൂൺ 20 ന് ശേഷം നടത്തുവാൻ തീരുമാനിച്ചു. ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുവാൻ സർവകലാശാല സമൂഹത്തിന്റെ പ്രാതിനിധ്യം ഉൾകൊള്ളുന്ന സംഘാടക സമിതി രൂപീകരിക്കുവാനും തീരുമാനിച്ചു. കൂടാതെ പ്രസ്തുത ശില്പശാലയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾ, അധ്യാപകർ, അക്കാദമിക പണ്ഡിതർ, പൂർവ്വ വിദ്യാർത്ഥികൾ, ഭരണവിഭാഗം ജീവനക്കാർ തുടങ്ങി സർവകലാശാലയുടെ സ്റ്റേക് ഹോൾഡേഴ്സിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിക്കുന്നതിനായി ഉണർവ് എന്ന പേരിൽ ഒരു സെമിനാർ നടത്തുവാനും തീരുമാനിച്ചു.

## Item No. 5

എസ് എസ് യു എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് - പ്രൊജക്ട് ഫെല്ലോ നിയമനത്തിന് യോഗ്യതകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച്. (No. 00400 /SOSCOL /SSUS /2025(1))

16.05.2025 തീയതിയിലെ ഓൺലൈൻ & ഡിസ്റ്റന്റ് ലേണിംഗ് & ഐ ടി കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് എസ് എസ് യു എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗിന്റെ പ്രവർത്തനങ്ങൾക്കായി പ്രൊജക്ട് ഫെലോയെ നിയമിക്കുന്നതിന് EMMRC ഡയറക്ടർ നിർദേശിച്ച യോഗ്യതകൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

## Item No. 6

പുതുക്കിയ ഹോസ്റ്റൽ നിയമാവലി -അംഗീകാരം സംബന്ധിച്ച്. (No. SSC/ HOS/ 17633/ SSUS/ 2019)

മാറ്റി വച്ചു.

## Item No. 7

സർവകലാശാല എൻ.എസ്.എസ്. സാക്ഷ്യപത്രം നഷ്ടപ്പെട്ടാൽ പുതിയ സാക്ഷ്യപത്രം / ഡ്യൂപ്ലിക്കേറ്റ് സാക്ഷ്യപത്രം അനുവദിക്കുന്നതിന് പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച്. (No. 02298/SSC3/SSUS/2023(1))

19.05.2025 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് വിദ്യാർത്ഥിയിൽ നിന്ന് എൻ എസ് എസ് സാക്ഷ്യപത്രം നഷ്ടപ്പെട്ടതിന്റെ അഫിഡവിറ്റും, സെന്ററിൽ

നിന്നും ഈ വിദ്യാർത്ഥിയ്ക്ക് സാക്ഷ്യപത്രം നൽകിയിട്ടുണ്ട് എന്ന റിപ്പോർട്ടും, വാങ്ങി എൻ. എസ്. എസ് സാക്ഷ്യപത്രത്തിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകാവുന്നതാണ് എന്ന് തീരുമാനിച്ചു.

**Item No. 8**

സർവകലാശാല യൂണിയൻ കലോത്സവത്തിന്റെ നിലവിലെ ബൈലോ (2015) ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (No. 00769/SSC2/SSUS/2025(1))

19.05.2025 തീയതിയിലെ സ്റ്റുഡന്റ്സ് വെൽഫെയർ കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാല യൂണിയൻ കലോത്സവത്തിന്റെ നിലവിലെ ബൈലോ (2015) ഭേദഗതി തത്വത്തിൽ അംഗീകരിച്ച് നിർദേശങ്ങൾ പഠിച്ച് പുതിയ ബൈലോ രൂപീകരിക്കുന്നതിന് ഡി. എസ്. എസിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.

**Item No. 9**

സർവകലാശാല ഭരണ വിഭാഗം കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ പൊതു ടോയ്ലറ്റുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച്. (No. 02154/ENGG3/SSUS/2024)

16.04.2025 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് കമ്മറ്റിയുടേയും, 20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയുടേയും ശിപാർശകൾ പരിഗണിച്ച് പൊതു ടോയ്ലറ്റ് (ഭരണ വിഭാഗം ഗ്രൗണ്ട് ഫ്ലോർ തെക്ക് ഭാഗം) നവീകരണത്തിന് ജി എസ് ടി ഉൾപ്പെടെ തയ്യാറാക്കിയ 2,80,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ഭരണാനുമതി നല്കുന്നതിനും തീരുമാനിച്ചു. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഭിന്നശേഷി സൗഹൃദമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും തീരുമാനിച്ചു.

**Item No. 10**

ലൈബ്രറിക്കും മീഡിയ സെന്ററിനും ഇടയിലുള്ള വഴിയിൽ പേവർ ടൈൽ വിരിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചു ഭരണാനുമതി നൽകണമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്.(No. 02289/ENGG3/SSUS/2024)

16.04.2025 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് കമ്മറ്റിയുടേയും, 20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയുടേയും ശിപാർശകൾ പരിഗണിച്ച് സർവകലാശാല ലൈബ്രറിക്കും മീഡിയ സെന്ററിനും ഇടയിലുള്ള വഴിയിൽ പേവർ ടൈൽ വിരിക്കുന്ന പ്രവൃത്തികൾക്കായി തയ്യാറാക്കിയിട്ടുള്ള ജി എസ് ടി അടക്കമുള്ള 2,99,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നല്കുവാൻ തീരുമാനിച്ചു.

**Item No. 11**

അക്കാദമിക് ബ്ലോക്ക് I, II, ലൈബ്രറി എന്നിവടങ്ങളിലെ ടോയ്‌ലറ്റുകളും, റാമ്പുകളും ഭിന്നശേഷി സൗഹൃദമാക്കുന്ന പ്രവർത്തിക്കായുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്.(No. 03535/ENGG1/SSUS/2024)

16.04.2025 തീയതിയിലെ വർക്സ് & പർച്ചേയ്സ് കമ്മറ്റിയുടേയും 20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയുടേയും ശിപാർശകൾ പരിഗണിച്ച്, അക്കാദമിക് ബ്ലോക്ക് I, II, ലൈബ്രറി എന്നിവടങ്ങളിലെ ടോയ്‌ലറ്റുകളും, റാമ്പുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തികൾക്കായി ജി എസ് ടി ഉൾപ്പെടെ ആകെ 4,22,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള ഭരണാനുമതി നല്കുന്നതിനും, സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. കൂടാതെ ഭിന്നശേഷി സൗഹൃദമായ ടോയ്‌ലറ്റുകളിൽ ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കേണ്ടതാണെന്നും തീരുമാനിച്ചു.

**Item No. 12**

സർവകലാശാലയുടെ വിവിധ ഭാഗങ്ങളിലേക്ക് 65 AH SMF Battery കൾ (AMRON make) 96 എണ്ണം ബൈബാക്ക് വ്യവസ്ഥയിൽ വാങ്ങുന്നത് - സംബന്ധിച്ച്. (No. 03327 /EST1 /SSUS /2023 (1)

20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് ഭരണ വിഭാഗം കെട്ടിടത്തിലെ താഴത്തെ നിലയിലെ 10 KVA UPS ന്റെ പഴയ ബാറ്ററി മാറ്റി 24 പുതിയ ബാറ്ററികൾ (65 AH SMF Battery കൾ AMRON make) ബൈ ബാക്ക് വ്യവസ്ഥയിൽ ചട്ട പ്രകാരം വാങ്ങുന്നതിന് 1,75,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു. ബാക്കിയുള്ള 72 ബാറ്ററികൾ വാങ്ങുന്നത് സംബന്ധിച്ച് സാങ്കേതിക സമിതിയുടെ ശുപാർശ ഉൾപ്പടെ സ്ഥിരം സമിതികൾ വഴി സിൻഡിക്കേറ്റിലേയ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

**Item No. 13**

സർവകലാശാലയിലെ സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ നിർമ്മാണം. (No.03726/ENGG3/ SSUS/ 2024)

16.04.2025 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് കമ്മറ്റിയുടേയും 20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയുടേയും ശിപാർശകൾ പരിഗണിച്ച് സർവകലാശാലയിലെ സ്റ്റുഡന്റ് അമിനിറ്റി സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തിരമായി കോസ്റ്റ് ഫോർഡുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സിൻഡിക്കേറ്റിന് സമർപ്പിക്കാൻ നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## Item No. 14

സർവകലാശാല ഓഡിറ്റോറിയ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് സംബന്ധിച്ച്. (No.ENG/851/SSUS/2015)

16.04.2025 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് കമ്മറ്റിയുടേയും 20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയുടേയും ശിപാർശകൾ പരിഗണിച്ച് സർവകലാശാലയിൽ റൂസ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവുമായി ഉടമ്പടി വെയ്ക്കുകയും മുൻകൂർ അനുവദിക്കുകയും ചെയ്തിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ നിലവിലെ വർക്ക് ടെർമിനേറ്റ് ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ അടക്കം വിഷയത്തെ സംബന്ധിച്ച് സർവകലാശാല സ്റ്റാന്റിംഗ് കൗൺസിലിന്റെ അഭിപ്രായം അടിയന്തിരമായി വാങ്ങിയശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

കോസ്റ്റ് ഫോർഡ്, കേരളാ സ്റ്റേറ്റ് നിർമ്മിതികേന്ദ്ര എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ ഈ വിഷയങ്ങൾ ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനും തീരുമാനിച്ചു.

## Item No. 15

സർവകലാശാല യൂട്ടിലിറ്റി സെന്ററിലെ ഓഡിറ്റോറിയത്തിൽ സ്ഥാപിച്ചിട്ടുള്ള സൗണ്ട് സിസ്റ്റം മാറ്റി പുതിയവ സ്ഥാപിക്കുന്നത് സംബന്ധിച്ച് (No. 01294/EST2/SSUS/2025(2))

19.05.2025 തീയതിയിലെ വർക്ക്സ് & പർച്ചേയ്സ് കമ്മറ്റിയുടേയും, 20.05.2025 തീയതിയിലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയുടേയും ശിപാർശകൾ പരിഗണിച്ച്, സർവകലാശാല യൂട്ടിലിറ്റി സെന്ററിലെ ഓഡിറ്റോറിയത്തിൽ സൗണ്ട് സിസ്റ്റം മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് പുതിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എൻജിനീയർക്ക് നിർദേശം നൽകാൻ തീരുമാനിച്ചു.

**Item No. 16**

യൂണിവേഴ്സിറ്റി കാമ്പസിനുള്ളിൽ ഒരു ഫുൾ ക്ലൈമാറ്റിക് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആലുവ ഹൈഡ്രോളജി വിഭാഗം നൽകിയ കത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് (No. 01201/EST2/SSUS/2025(1)

വിശദമായ പഠനത്തിന് പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 17**

പരീക്ഷ വിഭാഗം ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് ബാക്കി തുക നല്കുന്നത് സംബന്ധിച്ച്.(No. DR(Exam)878/SSUS/2009(VolumeIII)

മാറ്റി വെച്ചു.

**Item No. 18**

രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായ സർവകലാശാല മിനി ബസുകൾ-സംബന്ധിച്ച്.
( No. 03976/SOADC/SSUS/2023(2))

മാറ്റി വെച്ചു.

**Item No. 19**

സർവകലാശാല ബജറ്റ്-ശീർഷകങ്ങളിലെ പുനർവിനിയോഗം-സംബന്ധിച്ച്.(No.02088 ACCTS2/SSUS/2024(2))

സാധൂകരിച്ചു.

**Item No. 20**

ഫിനാൻസ് അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിന്റെ അപ്ഡേഷനും പരിപാലനവും ചെയ്യുന്നതിനു വേണ്ടി നിയമിതനായ പ്രോഗ്രാമർ ശ്രീ ജിഷ്ണുമോൻ പി ബി ക്ക് ശമ്പള വർദ്ധനവ് അനുവദിക്കുന്നത് സംബന്ധിച്ച്. (No. 00352/SOADC/SSUS/2024 (1)).

മാറ്റി വെച്ചു.

## Item No. 21

സർവകലാശാലയുടെ അങ്കമാലി സബ്ട്രഷറിയിലെ സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കി വെയ്ക്കാൻ ഉണ്ടായ കാലതാമസത്തെക്കുറിച്ചും പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം സംബന്ധിച്ചും പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സിൻഡിക്കേറ്റ് ഉപസമിതിയുടെ പരിശോധന റിപ്പോർട്ട്.

മാറ്റി വെച്ചു.

## Item No. 22

സർവകലാശാലയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01548/IA2/SSUS/2025(1))

മാറ്റി വെച്ചു.

## Item No. 23

ഉറുദു വകുപ്പ് പ്രൊഫസർ അത്താവുള്ള ഖാന്റെ ഗവേഷക ഗൈഡ്ഷിപ് പുനഃസ്ഥാപിച്ചു നൽകികൊണ്ടുള്ള 00655/ACDA3/SSUS/2025(2) തീയതി, 27.04.2025 ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും റാബീഹത് എ യ്ക്ക് ഡോ കമറുന്നീസ കെ യുടെ മേൽനോട്ടത്തിൽ തീസിസ് സമർപ്പിക്കുന്നതിനും മറ്റു വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതു സംബന്ധിച്ചുള്ള വിഷയം സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നതു സംബന്ധിച്ച് (No. 00655/ACDA3/SSUS/2025(2))

റാബീഹത് എ യ്ക്ക് ഡോ കമറുന്നീസ കെ യുടെ മേൽനോട്ടത്തിൽ തീസിസ് സമർപ്പിക്കുന്നതിന് അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു. ഉറുദു വിഭാഗത്തിലെ മറ്റു ഗവേഷകരുടെ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ വിശദപരിശോധനയ്ക്കായി മാറ്റിവെയ്ക്കാനും തീരുമാനിച്ചു.

## Item No. 24

ISSS ന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പരസ്പര' വാർഷിക റിസർച്ച് ജേർണലിന്റെ എഡിറ്റോറിയൽ ബോർഡ്, പിയർ റിവ്യൂ ടീം എന്നിവ പുനഃസംഘടിപ്പിക്കുന്നത് - സംബന്ധിച്ച് (No. 00728/SOPUB/SSUS/2022(1))

മാറ്റി വെച്ചു.

**Item No. 25**

ഓൺലൈൻ പേയ്മെന്റ് സംവിധാനം സജ്ജമാക്കുന്നതിന് യൂണിയൻ ബാങ്കിന്റെ സർവീസ് വെണ്ടറായ ഇൻഫിബീം അവന്യൂസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയതും കരാറിൽ ഏർപ്പെട്ടതും -സാധൂകരണം സംബന്ധിച്ച് (No. Fin/10905/Fee Collection/SSUS/2015)

മാറ്റി വെച്ചു.

**Item No. 26**

സർവകലാശാല സ്റ്റാന്റിംഗ് കൗൺസലിന് വിവിധ നിയമ സേവനങ്ങൾക്കായി ഫീസ് അനുവദിച്ചിട്ടുള്ള സർവകലാശാല ഉത്തരവിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്. (No. 00911/LEG1/SSUS/2025(1)

മാറ്റി വെച്ചു.

**Item No. 27**

CAS പ്രൊമോഷൻ പരിഗണിക്കേണ്ടത് അപേക്ഷാ തീയതി അല്ലെന്നും എലിജിബിലിറ്റി തീയതിയാണെന്നുമുള്ള 03.02.2023 തീയതിയിലെ 205 മത് സിൻഡിക്കേറ്റ് യോഗം ഔട്ട് ഓഫ് അജൻഡ നമ്പർ 5 പ്രകാരമുള്ള സിൻഡിക്കേറ്റ് തീരുമാനം, 1464/2022 നമ്പർ റിട്ട് അപ്പീലിലെ 10.04.2025 തീയതിയിലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്. (No. LGLS/4181/SSUS/2020)

CAS പ്രൊമോഷന് വേണ്ടി എലിജിബിലിറ്റി തീയതി പരിഗണിക്കാൻ തീരുമാനിച്ചു.

**Item No. 28**

സർവകലാശാലയിൽ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP) ആരംഭിക്കുന്നത് സംബന്ധിച്ച്. (No. 01455/SOADA/SSUS/2024(1))

മാറ്റി വെച്ചു.

**Item No. 29**

Erasmus Mundus Joint MA Programme (EMJM) – Reporting of Developments and Recommendations for Implementation- Reg. (No. 01197/OIA2/SSUS/2025)

മാറ്റി വെച്ചു.

**Item No. 30**

ITEP in Physical Education ആരംഭിക്കുന്നത് - സംബന്ധിച്ച്.(No. 01881/ ACDB1/ SSUS/ 2025 (1))

NCTE നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള ഭൗതികവും അക്കാദമികപരവുമായ സാഹചര്യങ്ങൾ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടമെന്റിൽ ഉള്ളതിനാൽ 2026-27 അക്കാദമിക വർഷത്തേക്കുള്ള ITEP in Physical Education, NCTE പോർട്ടലിൽ ഓൺലൈനായി അപേക്ഷിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No. 31**

Award of Ph.D degree to Smt. Neethu Das P in Dance under the Faculty of Art and Social Science – Clarification on Legal opinion-reg ( No. EA/PhD/764/SSUS/2022)

റിപ്പോർട്ട് അംഗീകരിച്ചു.

**Item No. 32**

ഗസ്റ്റ് അധ്യാപക നിയമനം - റിട്ടയർ ചെയ്ത അധ്യാപകരെ പരിഗണിക്കരുതെന്ന AKRSA യുടെ ആവശ്യം സംബന്ധിച്ച്. (No. 01874/ADA2/SSUS/2025)

യോഗ്യരായ മറ്റ് ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മാത്രമേ റിട്ടയർ ചെയ്ത അധ്യാപകരെ ഗസ്റ്റ് അധ്യാപക നിയമനത്തിന് പരിഗണിക്കാവൂ എന്ന് തീരുമാനിച്ചു.

**Item No. 33**

2025 ഏപ്രിൽ മാസം നടത്തിയ എം എഫ് എ, പി ജി ഡിപ്ലോമ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പരീക്ഷാഫലങ്ങളും, എം എസ് ഡബ്ല്യൂ (2014 അഡ്മിഷൻ) വിദ്യാർത്ഥിയുടെ തടഞ്ഞുവച്ച പരീക്ഷാഫലം പ്രസിദ്ധീകരിച്ചതും അംഗീകരിക്കുന്നത് - ഡിഗ്രി/ പി ജി ഡിപ്ലോമ/ ഡിപ്ലോമ അവാർഡ് ചെയ്യുന്നത് സംബന്ധിച്ച്. (No. 01906/ EXAMD1/ SSUS/ 2025(1)

2025 ഏപ്രിൽ മാസം നടത്തിയ എം എഫ് എ, പി ജി ഡിപ്ലോമ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പരീക്ഷാഫലങ്ങളും, എം എസ് ഡബ്ല്യൂ (2014 അഡ്മിഷൻ) വിദ്യാർത്ഥിയുടെ തടഞ്ഞുവച്ച പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാനും പ്രസ്തുത വിദ്യാർത്ഥികളുടെ ഡിഗ്രി/പിജി ഡിപ്ലോമ/ ഡിപ്ലോമ അവാർഡ് ചെയ്യാൻ അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

**Item No. 34**

2025 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം എ/ എം എസ് സി/ എം പി ഇ എസ് (റെഗുലർ, റീ അഡ്മിഷൻ, റീ-അപ്പിയറൻസ്) പരീക്ഷകളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്. (No. 01908/EXAMB1/SSUS/2025(1))

2025 ഏപ്രിൽ മാസം നടത്തിയ നാലാം സെമസ്റ്റർ എം എ/ എം എസ് സി/ എം പി ഇ എസ് (റെഗുലർ, റീ അഡ്മിഷൻ, റീ-അപ്പിയറൻസ്) പ്രോഗ്രാമുകൾ വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാനും പ്രസ്തുത വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നതിന് അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

**Item No. 35**

(a) 2022 Admission-6th Semester BA Degree (Regular) Examination April 2025 Results published -Reporting Award of Degrees-reg (No.EC/11501/SSUS/2021 (1))

(b) 2020 & 2021 Admission passed students reporting-reg (No. EC/11501/SSUS/2021(2)

(c) Degree Certificates Issued -Ratification-reg (No.EC/11501/SSUS/2021 (3))

(d) Mercy chance Examination, September 2024 passed students-Repoting reg The students with the following Reg Number have sucessfully completed B A Programme after appearing through Mercy chance Examination, conducted in September 2024 (No.EC/11501/SSUS/2021(4))

(a) 2025 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ ബി.എ (റെഗുലർ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാനും പ്രസ്തുത വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നതിന് അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

(b) 2020 & 2021 അഡ്മിഷനിലെ ഗ്രേസ് മാർക്ക് കൂട്ടി ചേർത്തും പുനർമൂല്യ നിർണ്ണയത്തിലൂടെയും പുന: പരീക്ഷകളിലൂടെയും വിജയിച്ച വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാനും പ്രസ്തുത വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നതിന് അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

(c) ഗ്രേസ് മാർക്ക് കൂട്ടി ചേർത്തും പുനർമൂല്യ നിർണ്ണയത്തിലൂടെയും പുന: പരീക്ഷകളിലൂടെയും വിജയിച്ച വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്തത് സാധൂകരിക്കാൻ തീരുമാനിച്ചു.

(d) 2024 സെപ്റ്റംബറിൽ നടത്തിയ മേഴ്സി ചാൻസ് പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നതിന് അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**Item No. 36**

വ്യവഹാര സംസ്കൃതം എന്ന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിനുള്ള സിൻഡിക്കേറ്റ് ഭരണാനുമതി ലഭിക്കുന്നത് സംബന്ധിച്ച്. (No. 01919/ACDB1/SSUS/2025(1)

മാറ്റി വെച്ചു.

**Item No. 37**

സർവകലാശാല ഡിഗ്രി സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് പ്രിന്റർ വാങ്ങുന്നത് സംബന്ധിച്ച്. (No. ഇഎ/പി എച്ച് ഡി/330/എസ് എസ് യു എസ്/2023)

225-ാമത് സിൻഡിക്കേറ്റ് തീരുമാന പ്രകാരം വാങ്ങാൻ നടപടികൾ ആരംഭിച്ച RICOH IM C 2000 മോഡൽ കളർ പ്രീന്ററിന് പകരം സി ഡിറ്റ് നിർദ്ദേശിച്ചിരിക്കുന്ന RICOH IM C 2010 മോഡൽ കളർ പ്രീന്റർ Gem സോഫ്റ്റ് വെയർ വഴി വാങ്ങുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

# OUT OF AGENDA

**Item No.1**

ബിരുദ പ്രവേശനത്തിനുള്ള അപേക്ഷാ ഫീസ് - സംബന്ധിച്ച്. (Acd.C1/1831/SSUS/2025)

അഡ്മിഷൻ കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് 2025-26 അധ്യയന വർഷത്തെ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള അപേക്ഷാ ഫീസ് ജനറൽ വിഭാഗത്തിന് ഓരോ കേന്ദ്രത്തിലെ ഓരോ പ്രോഗ്രാമിനും 50/- രൂപ വീതവും എസ് .സി/എസ്.ടി വിഭാഗത്തിന് 25/- രൂപ വീതവും ഈടാക്കാൻ തീരുമാനിച്ചു.

**Item No.2**

കോൺവൊക്കേഷൻ നടത്തുന്നതിനുള്ള നടപടികളും ഫീസും നിശ്ചയിക്കുന്നതും -പരിഗണനയ്ക്കായി (No. 00932/ACDC2/SSUS/2025(1))

കോൺവൊക്കേഷൻ നടത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No.3**

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ എം എഫ് എ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥിനിയായ അസ്സ എം എ 05.05.2025 ന് സമർപ്പിച്ച പരാതിയിൽ ഇന്റേണൽ കമ്മിറ്റി നൽകുന്ന റിപ്പോർട്ട്

ഇന്റേണൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചു. ബി എഫ് എ മൂന്നാം വർഷ വിദ്യാർത്ഥിയായ അഫിൻ അനു സിങിനെ ക്യാമ്പസിൽ നിന്ന് പുറത്താക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **രജിസ്ട്രാർ** | **വൈസ് ചാൻസലർ** |